## പതിമൂന്നാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 251 — 30.11.2015-ൽ മറുപടിക്ക്

### വ്യാജ ഫോട്ടോ നിർമ്മിച്ചതിനെതിരെ ക്രിമിനൽ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) വ്യാജ ഫോട്ടോ നിർമ്മിക്കുന്നതും അത് മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതും ക്രിമിനൽ നടപടി നിയമത്തിലെ ഏതെല്ലാം വകുപ്പുകൾ പ്രകാരം കുറ്റകരമാണെന്ന് വെളിപ്പെടുത്തുമോ; | (എ) വ്യാജ ഫോട്ടോ നിർമ്മിക്കുന്നതിനും അത് മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതിനും ക്രിമിനൽ നടപടി നിയമത്തിന്റെ അടിസ്ഥാനത്തിൽ കുറ്റമാണെന്ന തരത്തിൽ വകുപ്പുകൾ ഇല്ല. |
| (ബി) 2014-15-ലെ പഞ്ചായത്ത് സശക്തികരൺ പുരസ്കാരം മുൻ ഇന്ത്യൻ പ്രസിഡൻറ് എ.പി.ജെ. അബ്ദുൾ കലാം, സൂപ്പിനരിക്കാട്ടേരിക്ക് (ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് നേതാവും നാദാപുരം പഞ്ചായത്തു പ്രസിഡന്റും) നൽകുന്ന വിധത്തിൽ മോർഫ് ചെയ്ത ചിത്രം, അദ്ദേഹം പ്രചരിപ്പിച്ചതായുള്ള വിവരം പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുൻ ഇന്ത്യൻ പ്രസിഡൻറിന്റെ പേരും ഫോട്ടോയും ദുരുപയോഗപ്പെടുത്തിയ ആൾക്കെതിരെ പോലീസ് കേസ് എടുക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണമെന്ത്; കേസെടുത്തിട്ടുണ്ടെങ്കിൽ എതെല്ലാം കുറ്റങ്ങൾക്കെതിരെ; അന്വേഷണം ഇപ്പോൾ എത് ഘട്ടത്തിലാണ്? | (ബി) 2014-15 പഞ്ചായത്ത് സശക്തികരൺ പുരസ്കാരം മുൻ ഇന്ത്യൻ പ്രസിഡന്റ് ശ്രീ. എ.പി.ജെ. അബ്ദുൾ കലാം, സൂപ്പിനരിക്കാട്ടേരിക്ക് നൽകുന്ന വിധത്തിൽ മോർഫ് ചെയ്ത ചിത്രം അദ്ദേഹം പ്രചരിപ്പിച്ചതായി ശ്രദ്ധയിൽ-പ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ